# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് മുപ്പത്തൊന്ന്

## രാജാവിന്റെ ശുശ്രൂഷയുടെ ഫലം

Sat മത്തായി 11-ൽ രാജാവിന്റെ ശുശ്രൂഷയുടെ ഫലം നാം കാണുന്നു. രാജാവിന്റെ ശുശ്രൂഷയും പന്ത്രണ്ട് അപ്പൊസ്തലന്മാരാലുള്ള അവന്റെ ശുശ്രൂഷയുടെ വികാസവും തിരസ്കരിക്കപ്പെട്ടിരുന്നുവെന്ന് പത്താം അധ്യായത്തിലെ വിവരണം സൂചിപ്പിക്കുന്നു. സൻഹെദ്രിനിലും സിനഗോഗുകളിലുമുള്ള വിശുദ്ധ ജനമെന്ന് വിളിക്കപ്പെടുന്നവരാൽപോലും അപ്പൊസ്തലന്മാർ ഉപദ്രവിക്കപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുമെന്ന് പത്താം അധ്യായത്തിൽ കർത്താവ് അവരോടു പറഞ്ഞു. അവരുടെ ബന്ധുക്കളാൽപോലും അവർ ഉപദ്രവിക്കപ്പെടുമെന്ന് അവൻ അവർക്ക് മുന്നറിയിപ്പു നൽകി. മൂന്ന് ശുശ്രൂഷകൾ തിരസ്കരിക്കപ്പെട്ടുവെന്ന് പതിനൊന്നാം അധ്യായത്തിൽ നാം കാണുന്നു: യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയും, രാജാവിന്റെ ശുശ്രൂഷയും, രാജാവിനാൽ അയയ്ക്കപ്പെട്ടവരായ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ ശുശ്രൂഷയും. യോഹന്നാൻ തിരസ്കരിക്കപ്പെട്ടു, കർത്താവായ യേശു തിരസ്കരിക്കപ്പെട്ടു, പന്ത്രണ്ട് അപ്പൊസ്തലന്മാരോടുള്ള അവന്റെ ആജ്ഞയനുസരിച്ച് അവരുടെ ശുശ്രൂഷയും തിരിസ്കരിക്കപ്പെടുവാൻ പോകുകയായിരുന്നു. ഈ തിരസ്കരണത്തോട് രാജാവ് എങ്ങനെ ഇടപെടുന്നുവെന്ന് പതിനൊന്നാം അധ്യായത്തിൽ നാം കാണുന്നു. ഈ അധ്യായത്തിലെ മുഖ്യമായ കാര്യം നാം എങ്ങനെ തിരസ്കരണത്തെ അഭിമുഖീകരിക്കണം എന്നതാണ്.

## I. തടവിലാക്കപ്പെട്ട തന്റെ മുൻഗാമിയെ ബലപ്പെടുത്തുന്നു

### A. തടവിലാക്കപ്പെട്ട മുൻഗാമി രാജാവിനെ പ്രകോപിപ്പിക്കുവാൻ തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നു

രാജാവിന്റെ തിരസ്കരിക്കപ്പെട്ട മുൻഗാമിയായ യോഹന്നാൻ സ്നാപകന്റെ സഹിഷ്ണുത തീർന്നുപോയെന്ന് 2-ഉം 3-ഉം വാക്യങ്ങളിൽ നാം കാണുന്നു. അങ്ങനെ, "വരുന്നവൻ നീയോ, അതോ ഞങ്ങൾ വേറൊരുവനെ പ്രതീക്ഷിക്കണമോ?" എന്നു

ചോദിക്കുവാൻ യോഹന്നാൻ തന്റെ ശിഷ്യന്മാരെ അയച്ചു. ഇവിടെ യോഹന്നാൻ സ്ഥാപകന്റെ വാക്ക് അവൻ ക്രിസ്തുവിനെ സംബന്ധിച്ച് സംശയത്തിലായിരുന്നു എന്ന് അർഥമാക്കുന്നില്ല. തന്നെ വിടുവിക്കാനായി അവനെ പ്രകോപിപ്പിക്കുന്നതിനുവേണ്ടി അവൻ ക്രിസ്തുവിനെ ഈ രീതിയിൽ ചോദ്യം ചെയ്തു. വരുന്നവൻ ക്രിസ്തു ആയിരുന്നുവെന്ന് അവന് അറിയാമായിരുന്നു; അവൻ ജനത്തിന് ക്രിസ്തുവിനെ ശക്തമായി ശുപാർശ ചെയ്യുകയും ചെയ്തു (യോഹ. 1:26-36). അതിനുശേഷം അവൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും (മത്താ. 4:12), തന്നെ വിടുവിക്കാനായി ക്രിസ്തു എന്തെങ്കിലും ചെയ്യുമെന്നു പ്രതീക്ഷിച്ചുകൊണ്ട് അവിടെ അവൻ കാത്തിരിക്കുകയും ചെയ്തു. എന്നാൽ മറ്റുള്ളവരെ സഹായിക്കുവാൻ ക്രിസ്തു വളരെയധികം ചെയ്തുവെങ്കിലും, അവനുവേണ്ടി യാതൊന്നും ചെയ്തില്ല. ഇക്കാരണത്താൽ, യോഹന്നാൻ ഇടറിപ്പോകുന്നതിനുള്ള അപകടത്തിലായിരുന്നു (വാ. 6). തന്മൂലം, ക്രിസ്തുവിനെ പ്രകോപിപ്പിക്കുന്നതിന് അവൻ ഇങ്ങനെയുള്ള ഉദ്ബോധിപ്പിക്കുന്ന ഒരു ചോദ്യവുമായി തന്റെ ശിഷ്യന്മാരെ ക്രിസ്തുവിന്റെ അടുക്കൽ അയച്ചു. ക്രിസ്തു മശിഹാ ആയിരുന്നു എന്നതിന് യോഹന്നാന്റെ മനസ്സിൽ യാതൊരു സംശയവും ഇല്ലായിരുന്നു. കർത്താവ് മശിഹാ ആണോ അല്ലയോ എന്നു ചോദിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ കർത്താവിന്റെ അടുക്കൽ അയച്ചില്ല. കാരാഗൃഹത്തിൽനിന്നും തന്നെ രക്ഷിക്കേണ്ടതിന് അവൻ ക്രിസ്തുവിനെ പ്രകോപിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ കർത്താവായ യേശുവിനെ ഉദ്ബോധിപ്പിക്കുന്നത് വളരെ പ്രയാസമാണ്. അവനെ പ്രകോപിപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുന്തോറും അവൻ നിങ്ങൾക്ക് തണുപ്പനായിത്തീരുന്നു. അവനെ പ്രകോപിപ്പിച്ചുകൊണ്ട് അവനെ ഉദ്ബോധിപ്പിക്കുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല. ഇങ്ങനെ ചെയ്യുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ, നിങ്ങൾക്കുവേണ്ടി അവൻ എന്തെങ്കിലും ചെയ്യാനുള്ള സന്നദ്ധത കുറയും.

## B. സ്വർഗീയ രാജാവിന്റെ ഉത്തരം

4 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ നമുക്ക് യോഹന്നാനോടുള്ള കർത്താവിന്റെ ഉത്തരമുണ്ട്. 4-ഉം 5-ഉം വാക്യങ്ങൾ പറയുന്നു, **"യേശു അവരോട് ഉത്തരം പറഞ്ഞു, നിങ്ങൾ കേൾക്കുന്നതും കാണുന്നതുമായ കാര്യങ്ങളെ യോഹന്നാനോട് പോയി അറിയിക്കുവിൻ; കുരുടർക്ക് തങ്ങളുടെ കാഴ്ച ലഭിക്കുകയും മുടന്തർ നടക്കുകയും ചെയ്യുന്നു; കുഷ്ഠരോഗികൾ വെടിപ്പാകുകയും ചെകിടർ കേൾക്കുകയും ചെയ്യുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുകയും ദരിദ്രരോട് സുവിശേഷം അറിയിക്കുകയും ചെയ്യുന്നു."** **കുരുടർക്ക് കാഴ്ച ലഭിക്കുന്ന കാര്യം കർത്താവ് ആദ്യം പ്രസ്താവിച്ചു, കാരണം പഴയനിയമത്തിൽ ഇങ്ങനെയുള്ള ഒരു**

അത്ഭുതം ഉണ്ടായിട്ടില്ല. മശിഹായല്ലാതെ മറ്റാർക്കും ഇങ്ങനെയുള്ള ഒരു അത്ഭുതം ചെയ്യുവാൻ കഴിയുമായിരുന്നില്ല എന്നതിനുള്ള വ്യക്തമായ തെളിവ് ഇതിലൂടെ അവൻ യോഹന്നാന് നൽകി (യെശ. 35:5). ആത്മിക അർഥത്തിലും, കുരുടർ കാഴ്ച പ്രാപിക്കുന്നത് ആദ്യം വരുന്നു. കർത്താവിന്റെ രക്ഷയിൽ, അവൻ ഒന്നാമത് നമ്മുടെ കണ്ണുകളെ തുറക്കുന്നു (പ്രവൃ. 26:18); അപ്പോൾ നമുക്ക് അവനെ സ്വീകരിക്കുവാനും അവനെ അനുഗമിക്കുന്നതിന് നടക്കുവാനും കഴിയും. മുടന്തർ സൂചിപ്പിക്കുന്നത് ദൈവത്തിന്റെ മാർഗത്തിൽ നടക്കുവാൻ കഴിയാത്തവരെയാണ്. രക്ഷിക്കപ്പെട്ടതിനുശേഷം അവർക്ക് പുതിയ ജീവനാൽ നടക്കുവാൻ കഴിയും (9:5-6; യോഹ. 5:8-9). രാജ്യജനമായിത്തീരേണ്ടതിന് തങ്ങളുടെ മത്സരത്തിൽ നിന്നും (കുഷ്ഠം) രക്ഷിക്കപ്പെട്ടവരെ വെടിപ്പാക്കപ്പെട്ട കുഷ്ഠരോഗികൾ സൂചിപ്പിക്കുന്നു. ദൈവത്തെ കേൾക്കുവാൻ കഴിയാത്തവരെ ചെകിടർ സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം അവർക്ക് കർത്താവിന്റെ ശബ്ദം കേൾക്കുവാൻ കഴിയും (യോഹ. 10:27). മരിച്ചവർ സൂചിപ്പിക്കുന്നത് ദൈവവുമായി ബന്ധപ്പെടുവാൻ കഴിയാതെ, പാപങ്ങളിൽ മരിച്ചവരെയാണ് (എഫെ. 2:1, 5). വീണ്ടും ജനിച്ചതിനുശേഷം അവരുടെ വീണ്ടുംജനിച്ച ആത്മാവോടുകൂടെ അവർക്ക് ദൈവവുമായി കൂട്ടായ്മ ആചരിക്കുവാൻ കഴിയും. ദരിദ്രർ സൂചിപ്പിക്കുന്നത് ക്രിസ്തു ഇല്ലാത്തവരും, ദൈവമില്ലാത്തവരും, ഈ ലോകത്തിൽ യാതൊരു പ്രത്യാശയും ഇല്ലാത്ത സകലരെയുമാണ് (എഫെ. 2:12). സുവിശേഷം സ്വീകരിച്ചതിനുശേഷം അവർ ക്രിസ്തുവിൽ സമ്പന്നരാക്കപ്പെടുന്നു (2 കൊരി. 8:9; എഫെ. 3:8). വാക്യം 6 പറയുന്നു, "എന്റെ നിമിത്തം ഇടറിപ്പോകാത്തവൻ അനുഗ്യഹീതൻ ആകുന്നു." യോഹന്നാൻ സ്നാപകനുവേണ്ടി അവന്റെ രീതിയിൽ കർത്താവ് പ്രവർത്തിക്കാത്തതുകൊണ്ട്, കർത്താവിൽ അവൻ ഇടറിപ്പോകാനുള്ള അപകടം ഉണ്ടായിരുന്നുവെന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. അവൻ അനുഗ്രഹിക്കപ്പെടേണ്ടതിന് അവനുവേണ്ടി കർത്താവു നിയോഗിച്ച മാർഗത്തെ എടുക്കുന്നതിന് കർത്താവ് അവനെ ഇവിടെ പ്രോത്സാഹിപ്പിച്ചു. ഈ അനുഗ്രഹത്തിന് സ്വർഗ രാജ്യത്തിലുള്ള പങ്കാളിത്തവുമായി വളരെയധികം ബന്ധമുണ്ട്.

ഈ വാക്യങ്ങളിൽ കർത്താവ് യോഹന്നാനോടു പറയുന്നതായി തോന്നുന്നത്, "ഞാൻ മശിഹാ ആണെന്നതിന് യാതൊരു സംശയവുമില്ല. ഞാൻ മശിഹാ ആയിരിക്കുന്നത് ഞാൻ നിനക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നില്ല. ഞാൻ കുരുടരെയും, ചെകിടരെയും രോഗികളെയും സൗഖ്യമാക്കി. ഞാൻ മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തു. എന്നാൽ നിനക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഞാൻ തുനിയുന്നില്ല. എന്നിൽനിന്നും യാതൊന്നും പ്രതീക്ഷിക്കരുത്. നിന്റെ തല ഛേദിക്കപ്പെടുന്നതുവരെ ഞാൻ നിന്നെ

കാരാഗൃഹത്തിൽ ഉപേക്ഷിക്കും. എന്നിൽ ഇടറിപ്പോകാത്തവൻ അനുഗൃഹീതനാകുന്നു." കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നാം ഈ പാഠം പഠിക്കേണ്ടതാവശ്യമാണ്. കർത്താവ് നമുക്കുവേണ്ടി അനുലോമപരമായ എന്തെങ്കിലും ചെയ്യുമ്പോൾ നാം ആവേശഭരിതരാണ്. എന്നാൽ അനേകം സമയങ്ങളിലും കർത്താവ് നമുക്കുവേണ്ടി യാതൊന്നും ചെയ്യുകയില്ല. യോഹന്നാനെ കാരാഗൃഹത്തിൽനിന്നും വിടുവിച്ചിരുന്നുവെങ്കിൽ അവന്റെ ശുശ്രൂഷ കർത്താവിന്റെ ശുശ്രൂഷയോട് മത്സരിക്കുന്നതാകുമായിരുന്നു എന്നതാണ് കാരാഗൃഹത്തിൽനിന്നും യോഹന്നാനെ രക്ഷിക്കുവാൻ അവൻ യാതൊന്നും ചെയ്യാതിരുന്നതിന്റെ കാരണം. യോഹന്നാന്റെ കാരാഗൃഹവാസം ശുപാർശാ ശുശ്രൂഷയെന്ന അവന്റെ ശുശ്രൂഷയെ അവസാനിപ്പിക്കുവാൻ കർത്താവിന്റെ സർവാധികാരത്തിൽ ക്രമീകരിച്ചതായിരുന്നു. ശുപാർശാവേല ചെയ്തതിനുശേഷം അവന്റെ ശുശ്രൂഷ അവസാനിപ്പിക്കണമായിരുന്നു. അതുകൊണ്ട്, അവനെ കാരാഗൃഹത്തിൽ അടച്ചുകൊണ്ട് ദൈവം സർവാധികാരത്തോടെ യോഹന്നാന്റെ ശുശ്രൂഷയെ അവസാനിപ്പിച്ചു.

## II. തന്റെ മുൻഗാമിയെ വിലയിരുത്തുന്നു

യോഹന്നാന്റെ ശിഷ്യന്മാർ കർത്താവിനോടു ചോദിച്ച ചോദ്യങ്ങൾ കർത്താവിന്റെ അപ്പൊസ്തലന്മാർക്ക് യോഹന്നാനെക്കുറിച്ച് പ്രതിലോമപരമായ ഒരു മതിപ്പ് നൽകിയിരുന്നിരിക്കാം. അങ്ങനെ, 7 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ കർത്താവ് തന്റെ മുൻഗാമിയെ പരസ്യമായി വിലയിരുത്തി. യോഹന്നാനോടുള്ള കർത്താവിന്റെ മറുപടിയിൽ മറഞ്ഞിരുന്നത് യോഹന്നാന്റെ ബലഹീനതയുടെ ഒരു സൂചനയായിരുന്നു. എങ്കിലും, യോഹന്നാനെ സംബന്ധിച്ച പുരുഷാരത്തോടുള്ള അവന്റെ വാക്കുകൾ യോഹന്നാനുവേണ്ടി പരസ്യമായി സാക്ഷ്യപ്പെടുത്തി. ഓർക്കുക, യോഹന്നാന്റെ ശുപാർശാ ശുശ്രൂഷയിലൂടെ ആയിരുന്നു ആദ്യത്തെ നാലു ശിഷ്യന്മാർ കൊണ്ടുവരപ്പെട്ടത്. "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യോഹന്നാൻ പ്രഖ്യാപിച്ചപ്പോൾ യോഹന്നാനും അന്ത്രെയാസും കർത്താവായ യേശുവിനെ അനുഗമിച്ചു. ഒടുവിൽ അവർ യാക്കോബിനെയും പത്രൊസിനെയും കർത്താവിലേക്കു കൊണ്ടുവന്നു. അങ്ങനെ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയിലൂടെ ആദ്യത്തെ നാലു ശിഷ്യന്മാർ ക്രിസ്തുവിലേക്ക് കൊണ്ടുവരപ്പെട്ടു.

### A. കാറ്റിനാൽ ഉലഞ്ഞ മരുഭൂമിയിലെ ഒരു ഓടയോ മൃദുലവസ്ത്രം ധരിച്ച ഒരു മനുഷ്യനോ അല്ല

യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള അവന്റെ പരസ്യ

വിലയിരുത്തലിൽ കർത്താവായ യേശു അവനെ സമർത്ഥിച്ചു. വാക്യം 7-ൽ കർത്താവു പറഞ്ഞു, "മരുഭൂമിയിലേക്ക് നിങ്ങൾ എന്തു നോക്കുവാൻ പുറപ്പെട്ടുപോയി? കാറ്റിനാൽ ഉലഞ്ഞ ഓടയെയോ?" ദുർബലനും ബലഹീനനുമായ ഒരു വ്യക്തിയെ ഓട സൂചിപ്പിക്കുന്നു (12:20; 1 രാജാ. 14:15). യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ ക്രിസ്തുവിനുവേണ്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ, അവൻ ഓടയെപ്പോലെ ഒരു ദുർബല വ്യക്തി ആയിരുന്നില്ല. എന്നാൽ ഇപ്പോൾ കാരാഗൃഹത്തിൽ അവൻ ഏറെക്കുറെ കാറ്റിനാൽ ഉലഞ്ഞ ഒരു ഓടയെപ്പോലെയായിരുന്നു. കർത്താവായ യേശു ജ്ഞാനിയും, ദയയുള്ളവനും, കരുണയുള്ളവനുമാണ്. നാം കർത്താവായിരുന്നെങ്കിൽ, നാം യോഹന്നാനാൽ വ്രണപ്പെടുമായിരുന്നു. യോഹന്നാൻ ഏറെക്കുറെ ബലഹീനനായി എന്ന് കർത്താവ് അറിഞ്ഞിരുന്നതുകൊണ്ട് അവൻ അവനെ പ്രോത്സാഹിപ്പിച്ചു. അവൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "യോഹന്നാനേ, ശ്രദ്ധിച്ചുകൊള്ളുക. എന്നെ സംബന്ധിച്ച് നീ ഏറെക്കുറെ ബലഹീനനായി എന്നു തോന്നുന്നു." ഇതായിരുന്നു യോഹന്നാനോടുള്ള കർത്താവിന്റെ വാക്കിന്റെ അർഥം. എന്നാൽ അവൻ പുരുഷാരത്തോടും മറ്റു ശിഷ്യന്മാരോടും സംസാരിച്ചപ്പോൾ, അവൻ ദുർബലനായ, ഭീരുവായ ഒരു വ്യക്തിയല്ല, മറിച്ച് ശക്തനായ ഒരു സാക്ഷിയായിരുന്നുവെന്നു സൂചിപ്പിച്ചുകൊണ്ട് അവൻ യോഹന്നാനെ സമർത്ഥിച്ചു. വാക്യം 8-ൽ കർത്താവു ചോദിച്ചു, "എന്നാൽ നിങ്ങൾ എന്തു കാണുവാൻ പുറപ്പെട്ടുപോയി? മൃദുലവസ്ത്രം അണിഞ്ഞ മനുഷ്യനെയോ? ഇതാ, മൃദുലവസ്ത്രം ധരിക്കുന്നവർ രാജഗൃഹങ്ങളിൽ ഉണ്ട്." മരുഭൂമിയിൽ ക്രിസ്തുവിനുവേണ്ടി ധൈര്യത്തോടെ സാക്ഷ്യം പറഞ്ഞതിനുശേഷം, താൻ അല്പ സമയത്തേക്ക് കാരാഗൃഹത്തിലായിരുന്നപ്പോൾ യോഹന്നാൻ സ്നാപകൻ ബലഹീനനായിത്തീർന്നു. അവൻ രാജഗൃഹങ്ങളിൽ മൃദുലവസ്ത്രം ധരിക്കുവാൻ വാഞ്ഛിക്കുന്നുവെന്ന് ചിലർ ചിന്തിച്ചേക്കാം. എന്നാൽ അവൻ കാറ്റിനാൽ ഉലയുന്ന ഒരു ഓടയോ, മൃദുലവസ്ത്രം ധരിച്ച ഒരു മനുഷ്യനോ ആയിരുന്നില്ലെന്ന് കർത്താവ് സാക്ഷ്യപ്പെടുത്തി.

## B. ഒരു പ്രവാചകനെക്കാൾ അധികമായവൻ

വാക്യം 9 പറയുന്നു, "എന്നാൽ നിങ്ങൾ എന്തിന് പുറപ്പെട്ടുപോയി? ഒരു പ്രവാചകനെ കാണുവാനോ? അതെ, ഞാൻ നിങ്ങളോടു പറയുന്നു, പ്രവാചകനെക്കാൾ അധികമായവനെത്തന്നെ." യോഹന്നാൻ ഒരു പ്രവാചകനെക്കാൾ അധികമായവനായിരുന്നെന്ന് കർത്താവു സാക്ഷ്യപ്പെടുത്തി. അവൻ ഒരു വലിയ പ്രവചാകൻ, അവനു മുമ്പുണ്ടായിരുന്ന സകല പ്രവാചകന്മാരെക്കാളും വലിയവൻ ആയിരുന്നു.

## C. സ്വർഗീയ രാജാവിനുവേണ്ടി വഴി ഒരുക്കിക്കൊണ്ട് അവന്റെ മുഖത്തിനുമുമ്പേ ഒരു ദൂതനാകുന്നു

ജനം ദൈവത്തിലേക്കു തിരിയുന്നതിനും സ്വർഗീയ രാജാവിനെയും സ്വർഗീയ രാജ്യത്തെയും സ്വീകരിക്കുന്നതിനുമായി ക്രിസ്തുവിനുവേണ്ടി വഴി ഒരുക്കുവാൻ അവനുമുമ്പേ ഒരു ദൂതനായി ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു യോഹന്നാൻ (11:10). അവന്റെ ശുശ്രൂഷ രാജ്യത്തിവേണ്ടി വഴി ഒരുക്കുന്നതായിരുന്നു.

## D. സ്വർഗരാജ്യത്തിനു മുമ്പേ ജനിച്ച എല്ലാവരെക്കാളും വലിയവൻ, എന്നാൽ സ്വർഗരാജ്യത്തിൽ ഉള്ളവനെക്കാൾ ചെറിയവൻ

വാക്യം 11-ൽ കർത്താവു പറയുന്നു, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, (സ്ത്രീകളിൽനിന്നു ജനിച്ചവരുടെ ഇടയിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ എഴുന്നേറ്റിട്ടില്ല, എങ്കിലും സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാകുന്നു." എല്ലാ പ്രവാചകന്മാരെക്കാളും യോഹന്നാൻ വലിയവനായിരുന്നെങ്കിലും അവൻ സ്വർഗരാജ്യത്തിൽ ഇല്ലായിരുന്നു. പഴയനിയമ പ്രവാചകന്മാരോട് താരതമ്യം ചെയ്താൽ യോഹന്നാൻ വലിയവനായിരുന്നു, എന്നാൽ പുതിയനിയമ ജനത്തോട് താരതമ്യം ചെയ്താൽ അവൻ ചെറിയവനായിരുന്നു. അവനു മുമ്പുണ്ടായിരുന്നവരെക്കാൾ വലിയവനും, എന്നാൽ അവനുശേഷം വരുവാനുള്ളവരെക്കാൾ ചെറിയവനും ആയിരുന്നുകൊണ്ട് യോഹന്നാൻ ഒരു അവസ്ഥാന്തര കാലഘട്ടത്തിലായിരുന്നു. യോഹന്നാനു മുമ്പുള്ള സകല പ്രവാചകന്മാരും ക്രിസ്തു വരികയാണെന്നു മാത്രം പ്രവചിച്ചു, എന്നാൽ ക്രിസ്തു വന്നിരിക്കുന്നുവെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തി. പ്രവാചകന്മാർ ക്രിസ്തുവിനുവേണ്ടി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു, എന്നാൽ യോഹന്നാൻ ക്രിസ്തുവിനെ കണ്ടു. തന്മൂലം, യോഹന്നാൻ സകല പ്രവാചകന്മാരെക്കാളും വലിയവനായിരുന്നു. ജഡാവതാരം ചെയ്തവനായ ക്രിസ്തുവിനെ യോഹന്നാൻ കാണുകയും അവനെ ജനത്തിന് പരിചയപ്പെടുത്തുകയും ചെയ്തുവെങ്കിലും, പുനരുത്ഥാനം ചെയ്ത ക്രിസ്തു അവന്റെ ഉള്ളിൽ വസിച്ചിരുന്നില്ല. എന്നാൽ രാജ്യജനത്തിൽ വസിക്കുന്നു. "ക്രിസ്തു ഇവിടെ ഉണ്ട്" എന്നു പറയുവാൻ യോഹന്നാനു കഴിഞ്ഞു: എന്നാൽ "എനിക്ക് ജീവിക്കുന്നത് ക്രിസ്തു ആകുന്നു" എന്നു പറയുവാൻ രാജ്യജനത്തിനു കഴിയും (ഫിലി. 1:21). തന്മൂലം, സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാണ്. ഒരുവൻ വലിയവനോ ചെറിയവനോ എന്നത് ക്രിസ്തുവിനോടുള്ള അവന്റെ

ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്തു ആണ് നിർണായക ഘടകം. ഒരുവൻ ക്രിസ്തുവിനോട് എത്രയും അടുത്തിരിക്കുന്നുവോ, അവൻ അത്രയും വലിയവനാകുന്നു.

LD ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ച് പ്രവാചകന്മാർ പ്രവചിക്കുകയും, വന്നവനായ ക്രിസ്തുവിനെ യോഹന്നാൻ ശുപാർശ ചെയ്യുകയും ചെയ്തു. ക്രിസ്തു വരികയായിരുന്നുവെന്ന് പ്രവാചകന്മാർ പറയുകയും, ക്രിസ്തു അവിടെ ഉണ്ടായിരുന്നുവെന്ന് യോഹന്നാൻ പറയുകയും ചെയ്തു. യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനോട് വളരെ അടുത്തായിരുന്നെങ്കിലും, നാം ആയിരിക്കുന്നതുപോലെ അവൻ അവനോട് അത്രയും അടുത്തല്ലായിരുന്നു, കാരണം ക്രിസ്തു നമ്മുടെ ഉള്ളിലുണ്ട്. ക്രിസ്തു നമ്മിലും, നാം അവനിലും ആണ്. ക്രിസ്തു നമ്മോട് ഇഴുകിച്ചേർന്നിരിക്കുന്നതുകൊണ്ട്, ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം ഏറ്റവും ദൃഢബദ്ധമാണ്. നാം ക്രിസ്തുവിലും, ക്രിസ്തു നമ്മിലുമുണ്ട്; നാം അവനുമായി ഇഴുകിച്ചേർന്നും, അവനുമായി പറ്റിച്ചേർന്നിരിക്കുകയുംപോലും ചെയ്യുന്നു. 1 കൊരിന്ത്യർ 6:17 പറയുന്നു, "കർത്താവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു." ഇതിനെക്കാൾ കൂടുതൽ അടുത്തിരിക്കുവാൻ എന്തിനു കഴിയും? ക്രിസ്തുവുമായുള്ള ഈ അടുത്ത ബന്ധം നമുക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും നമ്മെ വലിയവരാക്കുന്നു. ഇത് എത്ര വലിയ അനുഗ്രഹമാകുന്നു!

നാം ഏത് യുഗത്തിലാണ് ജീവിക്കുന്നതെന്ന് നാം തിരിച്ചറിയണം. പത്രൊസും, യോഹന്നാനും, പൗലൊസുപോലും രാജ്യയുഗത്തിന്റെ ആരംഭത്തിലായിരുന്നു, എന്നാൽ നാം ഈ യുഗത്തിന്റെ അവസാനത്തിലാണ്. നിങ്ങൾ എവിടെ ആയിരിക്കുവാൻ ഇഷ്ടപ്പെടുന്നു—ആരംഭത്തിലോ, മധ്യത്തിലോ, അതോ പരിസമാപ്തിയിലോ? മാർട്ടിൻ ലൂഥർ മധ്യത്തിലായിരുന്നു, എന്നാൽ നാം ആരംഭത്തിലോ മധ്യത്തിലോ അല്ല, അവസാനത്തിലാണ്. മാർട്ടിൻ ലൂഥറിനെപ്പോലെയുള്ള വലിയ മനുഷ്യർ ആരംഭത്തിലുള്ള അപ്പൊസ്തലന്മാരുടെ ചുമലിന്മേൽ നിന്നു, എന്നാൽ നാം ഇപ്പോൾ മാർട്ടിൻ ലൂഥറിന്റെയും മറ്റുള്ള വലിയവരുടെയും ചുമലിന്മേലാണ്. തന്മൂലം, നാം അവരെക്കാളെല്ലാം ഉയരത്തിലാണ്. വസ്തുനിഷ്ഠമായും വ്യക്തിനിഷ്ഠമായും വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നതിനെ സംബന്ധിച്ച് ശക്തമായ ഒരു സാക്ഷ്യം നൽകുവാൻ നമ്മുടെ ഇടയിലുള്ള ഏറ്റവും ചെറിയവർക്കുപോലും കഴിയും. ഈ ദിവസത്തെ ഒരു അപ്രധാന ദിവസമായി കരുതരുത്.

അമ്പതു വർഷങ്ങൾക്കുമുമ്പ് ഞാൻ ,കർത്താവിനെ അന്വേഷിക്കുകയായിരുന്നപ്പോൾ, സാഹചര്യം വളരെ പരിതാപകരമായിരുന്നു. നാം പുസ്തകത്തിന്മേൽ ധാരാളം പണം ചെലവഴിക്കുകയും, ചില ആളുകളെ കാണുവാൻ നാം യാത്ര ചെയ്യുകയും ചെയ്തു. ഇന്നത്തെ സാഹചര്യവുമായി യാതൊരു

താരതമ്യവുമില്ല. ഇന്ന് സമ്പത്തുകൊണ്ട് നിങ്ങളെല്ലാം മൂടപ്പെട്ടിരിക്കുന്നു. എന്റെ ഒരേയൊരു ആശങ്ക നിങ്ങൾക്ക് മതിയായ വിശപ്പില്ലെന്നതാണ്. നാം എല്ലാ ദിവസവും വിരുന്നു കഴിക്കുന്നു. നാം അവസ്ഥാന്തര കാലഘട്ടത്തിലോ, പുതിയനിയമ യുഗത്തിന്റെ ആരംഭത്തിലോ, മധ്യത്തിലോ അല്ല ഉള്ളത്; നാം ഈ യുഗത്തിന്റെ പരിസമാപ്തിയിലാണ്. പരിസമാപ്തിയിൽ സകലവും മേന്മയേറിയതും, ഉന്നതവും, സമ്പന്നവുമാണ്. നാം ക്രിസ്തുവിനോട് വളരെ അടുത്തിരിക്കുന്നതിനായി കർത്താവിനെ സ്തുതിക്കുന്നു! ക്രിസ്തുവിനെ സംബന്ധിച്ച് നിങ്ങൾ കേട്ടിട്ടുള്ള നിരവധി ദൂതുകൾ കഴിഞ്ഞ കാലങ്ങളിൽ മറ്റുള്ളവർ കേട്ടിട്ടില്ല. നിങ്ങളിൽ അനേകർ വർഷങ്ങളോളം ക്രിസ്തുമതത്തിലായിരുന്നു. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെക്കുറിച്ച് നിങ്ങളോട് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? യേശുവിനെ ഭക്ഷിക്കുന്നതിനെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? എന്നാൽ ഇപ്പോൾ നാം അവനെ ഭക്ഷിക്കുകയും അവനെ ആസ്വദിക്കുകയും ചെയ്യുന്നു. അങ്ങനെ, നാം വലിയവരാണ്. നിങ്ങൾ വലിയവനാണെന്ന് പറയുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? വേദപുസ്തകത്തിലെ തത്ത്വമനുസരിച്ച് പിന്നീടുള്ളവൻ എപ്പോഴും വലിയവനായിരിക്കും. അവസാനത്തവൻ ഒന്നാമത്തവനായിരിക്കും. നാം ഒടുക്കത്തവരായതുകൊണ്ട്, നാം ഏറ്റവും വലിയവരാണ്.

## E. ഏലീയാവ് ആകുന്നു

വാക്യം 14 പറയുന്നു, "എന്നാൽ നിങ്ങൾ അത് സ്വീകരിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ വരുവാനുള്ള ഏലീയാവ് ആകുന്നു." ഏലീയാവ് വരുമെന്ന് മലാഖി 4:5 പ്രവചിച്ചു. യോഹന്നാൻ സ്നാപകനെ ഗർഭംധരിച്ചപ്പോൾ അവൻ ഏലീയാവിന്റെ ആത്മാവിലും ശക്തിയിലും കർത്താവിനു മുമ്പായി പോകുമെന്ന് പറഞ്ഞിരുന്നു (ലൂക്കൊ. 1:17). അതിനാൽ, ഒരർഥത്തിൽ വരുവാനുള്ള ഏലീയാവായി യോഹന്നാനെ കണക്കാക്കാം (മത്താ. 17:10-13). എന്നിരുന്നാലും, മഹോപദ്രവകാലത്തെ രണ്ടു സാക്ഷികളിൽ ഒരുവനായ യഥാർഥ ഏലീയാവ് ദൈവജനത്തെ ബലപ്പെടുത്തുവാൻ വരുമ്പോൾ (വെളി. 11:3-12) മലാഖി 4:5-ലെ പ്രവചനം വാസ്തവമായി നിറവേറും.

## F. യോഹന്നാൻ വരെ പ്രവാചകന്മാരും ന്യായപ്രമാണവും പ്രവചിക്കപ്പെട്ടിരുന്നു

വാക്യം 13 പറയുന്നു, "എന്തെന്നാൽ സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു." യോഹന്നാന്റെ വരവിനാൽ പഴയനിയമ യുഗം അവസാനിപ്പിക്കപ്പെട്ടുവെന്ന് ഇത് തെളിയിക്കുന്നു.

## G. യോഹന്നാൻ മുതൽ ഇപ്പോൾവരെ സ്വർഗരാജ്യം ബലപ്രയോഗത്താൽ എടുക്കപ്പെടുന്നു

വാക്യം 12 പറയുന്നു, "എന്നാൽ യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നുവരെ സ്വർഗരാജ്യം ബലപ്രയോഗത്തിലൂടെ എടുക്കപ്പെടുന്നു, ബലാൽക്കാരികൾ അതിനെ പിടിച്ചെടുക്കുന്നു." യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നുവരെ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിൽനിന്നും പരീശന്മാർ ജനത്തെ ബലപ്രയോഗത്താൽ തടസപ്പെടുത്തുകയായിരുന്നു. തന്മൂലം, പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ ബലപ്രയോഗത്താൽ അതു ചെയ്യണം.

## H. ഇതു കേൾക്കുവാൻ ചെവി ആവശ്യമാകുന്നു

തന്റെ മുൻഗാമിയായ യോഹന്നാൻ സ്നാപകനെ സംബന്ധിച്ച ക്രിസ്തുവിന്റെ വാക്ക് തന്നോടുതന്നെയും സ്വർഗീയ രാജ്യത്തോടും ആഴമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയ, പരമ്പരാഗതമായ ഏത് ഉപദേശത്തിൽനിന്നും ഇത് വ്യത്യസ്തമായിരുന്നു. തന്മൂലം, കേൾക്കുവാൻ ചെവികൾ ആവശ്യമായിരുന്നു (11:15).

## III. ശാഠ്യമുള്ള തലമുറയെ ശകാരിക്കുന്നു

കർത്താവ് യോഹന്നാനെ വിലയിരുത്തിയതിനുശേഷം അവൻ തിരസ്കരിക്കുന്ന തലമുറയിലേക്കു തിരിഞ്ഞ് അവരെ ശാസിച്ചു. യോഹന്നാൻ തിരസ്കരിക്കപ്പെട്ടിരുന്നുവെന്ന് അവന്റെ വിലമതിക്കൽ അവരെ ഓർമ്മിപ്പിച്ചു. യോഹന്നാൻ എത്ര വലിയവ നായിരുന്നുവെങ്കിലും, ആ തലമുറയുടെ തിരസ്കരണം നിമിത്തം അപ്പോഴും അവൻ കാരാഗൃഹത്തിലായിരുന്നു.

## A. മുൻഗാമിയുടെയോ സ്വർഗീയ രാജാവിന്റെയോ പ്രസംഗത്തിന് തലമുറ പ്രതികരിക്കുന്നില്ല

16-ഉം 17-ഉം വാക്യങ്ങളിൽ കർത്താവു പറഞ്ഞു, "എന്നാൽ ഈ തലമുറയെ ഞാൻ എന്തിനോട് ഉപമിക്കും? അത് ചന്തസ്ഥലങ്ങളിലിരിക്കുന്ന കുഞ്ഞുങ്ങൾക്ക് സദൃശം, അവർ മറ്റുള്ളവരോട് വിളിച്ചുപറയുന്നു, ഞങ്ങൾ നിങ്ങൾക്ക് കുഴലൂതി, നിങ്ങൾ നൃത്തം ചെയ്തില്ല: ഞങ്ങൾ വിലാപഗാനം പാടി, നിങ്ങൾ മാറത്തടിച്ചില്ല." രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതിനായി ക്രിസ്തുവും യോഹന്നാൻ സ്നാപകനും "കുഴലൂതി," എന്നാൽ യെഹൂദ മതഭക്തർ രക്ഷയുടെ സന്തോഷത്തിനുവേണ്ടി "നൃത്തം" ചെയ്തില്ല: മാനസാന്തരം പ്രസംഗിക്കുവാനായി യോഹന്നാനും ക്രിസ്തുവും "വിലാപഗാനം പാടി," എന്നാൽ യെഹൂദരായ മതഭക്തർ പാപത്തിന്റെ ദുഃഖത്തിനുവേണ്ടി "മാറത്തടിച്ചില്ല." അവർ

മാനസാന്തരപ്പെടുവാൻ ദൈവനീതി ആവശ്യപ്പെടുന്നു, എന്നാൽ അവർ അനുസരിക്കുമായിരുന്നില്ല. ദൈവകൃപ അവർക്ക് രക്ഷ പ്രദാനം ചെയ്തു, എന്നാൽ അവർ അത് സ്വീകരിക്കുമായിരുന്നില്ല.

18-ഉം 19-ഉം വാക്യങ്ങൾ പറയുന്നു, "എന്തെന്നാൽ യോഹന്നാൻ ഭക്ഷിക്കാതെയും കുടിക്കാതെയും വന്നു: അവരോ, അവന് ഭൂതം ഉണ്ടെന്നു പറയുന്നു. മനുഷ്യപുത്രൻ ഭക്ഷിച്ചും കുടിച്ചുംകൊണ്ടു വന്നു: ഇതാ ഭക്ഷണപ്രിയനും കുടിയനുമായ മനുഷ്യൻ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവർ പറയുന്നു. എങ്കിലും ജ്ഞാനം അവളുടെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു." മനുഷ്യരെ മാനസാന്തരത്തിലേക്ക് കൊണ്ടുവരാനും (മർക്കൊ. 1:4), പാപം നിമിത്തം അവരെ ദുഃഖി ക്കുമാറാക്കുവാനുമായി വന്ന യോഹന്നാന് ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനും യാതൊരു അഭിരുചിയും ഉണ്ടായിരുന്നില്ല (ലൂക്കൊ. 1:15-17); എന്നാൽ പാപികൾക്ക് രക്ഷ കൊണ്ടുവരാനും അതിൽ അവരെ സന്തോഷിക്കുമാറാക്കുവാനും വന്ന ക്രിസ്തുവിന് അവരോടുകൂടെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിന്റെ സന്തോഷം ഉണ്ടായിരുന്നു (മത്താ. 9:10-11). യാതൊരു നിയന്ത്ര ണത്തിന്റെയും കീഴിലല്ലാതിരുന്ന രാജ്യജനം ബാഹ്യമായ ജീവിത രീതിയിന്മേലല്ല, തങ്ങളുടെ ജ്ഞാനമായ (1 കൊരി. 1:30) ഉൾവസിക്കുന്ന ക്രിസ്തുവിന്മേൽ തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ദിവ്യജ്ഞാനത്തെ അനുഗമിക്കുന്നു.

യോഹന്നാൻ സ്നാപകൻ സാധാരണ രീതിയിൽ ഭക്ഷിക്കാതെയും കുടിക്കാതെയും വിചിത്രവും പ്രത്യേകവുമായ ഒരു രീതിയിൽ ജീവിച്ചതുകൊണ്ട്, "അവന് ഒരു ഭൂതമുണ്ട്"—അവൻ ഭൂത-ബാധിതനാണ് എന്ന് എതിരാളികൾ പറഞ്ഞു. എന്നാൽ അവർ ക്രിസ്തുവിനെ ഭക്ഷണപ്രിയനും വീഞ്ഞു കുടിക്കുന്നവനും, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനുമായ ഒരു മനുഷ്യനെന്നു വിളിച്ചു. ക്രിസ്തു രക്ഷകൻ മാത്രമല്ല, പിന്നെയോ പാപികളുടെ പ്രശ്നങ്ങളോടു സഹതപിക്കുകയും, അവരുടെ വ്യസനങ്ങൾ സംവേദിക്കുകയും ചെയ്യുന്ന, പാപികളുടെ സ്നേഹിതനും ആകുന്നു.

വാക്യം 19-ൽ കർത്താവു പറഞ്ഞു, "ജ്ഞാനം അവളുടെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു." ജ്ഞാനം ക്രിസ്തു ആണ് (1 കൊരി. 1:24, 30). ക്രിസ്തു ചെയ്തിട്ടുള്ളതൊക്കെയും അവൻ തന്നെയായ ദൈവത്തിന്റെ ജ്ഞാനത്താൽ ചെയ്തു. ഈ ജ്ഞാനം അവന്റെ ജ്ഞാനപൂർവമായ പ്രവൃത്തികളാൽ, അവന്റെ ജ്ഞാനമുള്ള ചെയ്തികളാൽ നീതീകരിക്കപ്പെട്ടു, സമർത്ഥിക്കപ്പെട്ടു. ഈ വാക്യത്തിൽ ചില ആധികാരിക പ്രതികളിൽ "പ്രവൃത്തികൾ" എന്നതിനുപകരം "മക്കൾ" എന്നു വായിക്കുന്നു. രാജ്യജനം ജ്ഞാനത്തിന്റെ മക്കളാണ്; അവർ ക്രിസ്തുവിനെയും അവന്റെ

പ്രവൃത്തികളെയും നീതീകരിക്കുകയും, അവരുടെ ജ്ഞാനമായി അവനെ അനുഗമിക്കുകയും ചെയ്യുന്നു. എപ്പോൾ തിന്നണമെന്നും എപ്പോൾ തിന്നരുതെന്നും അറിയുകയും, കുഴലൂതുന്നതിനെയും വിലാപഗാനം പാടുന്നതിനെയും തിരിച്ചറിയുകയും, എപ്പോൾ സന്തോഷിക്കണമെന്നും എപ്പോൾ മാനസാന്തരപ്പെടണമെന്നും അറിയുകയും ചെയ്യുന്നവരായ രാജ്യജനത്താൽ ക്രിസ്തു നീതീകരിക്കപ്പെടുന്നു. രാജ്യജനവും ജ്ഞാനത്തിന്റെ മക്കളുമായ നമുക്ക് എപ്പോൾ മാനസാന്തരപ്പെടണമെന്നും എപ്പോൾ സന്തോഷിക്കണമെന്നും വിവേചിച്ചറിയാനുള്ള ജ്ഞാനമുണ്ട്. എന്നാൽ തിരസ്കരിക്കന്ന തലമുറ തികച്ചും മൂഢരാണ്. നിങ്ങൾ അവർക്കായി ഒരു പാട്ട് കേൾപ്പിക്കുന്നുവെങ്കിൽ അവർ പ്രതികരിക്കുന്നില്ല. മാനസാന്തരത്തിനുവേണ്ടി നിങ്ങൾ ഒരു വിലാപഗാനം പാടുന്നുവെങ്കിൽ അതിനും അവർ പ്രതികരിക്കുന്നില്ല. അവർ ശാഠ്യക്കാരും മൂഢരുമാണ്, അവർക്ക് ജ്ഞാനത്തിന്റെ അഭാവമുണ്ട്.

## B. പട്ടണങ്ങൾ മാനസാന്തരപ്പെട്ടില്ല

വാക്യം 20 പറയുന്നു, "പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ ഏറ്റവും അധികം സംഭവിച്ച പട്ടണങ്ങളെ, അവ മാനസാന്തരപ്പടാത്തതിനാൽ, ശകാരിക്കുവാൻ തുടങ്ങി." കർത്താവ് തുടർന്നു പറഞ്ഞത്, "കോരസീനേ, നിനക്ക് അയ്യോ കഷ്ടം! ബേത്ത്സയിദേ, നിനക്ക് അയ്യോ കഷ്ടം!" കാരണം പൊതുവായ ഒരു രീതിയിൽ അവരെല്ലാം അവനെ തിരസ്കരിച്ചു. കഫർന്നഹൂമിനെക്കുറിച്ച് അവൻ പറഞ്ഞു, "നീ പാതാളത്തോളം താഴ്ത്തപ്പെടും." പഴയനിയമത്തിലെ ഷിയോൽ (എബ്രായ ഭാഷ - ഉല്പ. 37:35; സങ്കീ. 6:5), എന്നപോലെ പാതാളം മരിച്ചവരുടെ ദേഹികളെയും ആത്മാക്കളെയും സൂക്ഷിച്ചിരിക്കുന്ന ഇടമാണ് (ലൂക്കൊ. 16:22-23; പ്രവൃ. 2:27). കഫർന്നഹൂമിനെക്കുറിച്ച് അവൻ തുടർന്നു പറഞ്ഞത്, "ന്യായവിധിയുടെ ദിവസത്തിൽ നിന്നെക്കാൾ സൊദോം ദേശത്തിനു കൂടുതൽ സഹിക്കാവുന്നതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (വാ. 24). കഫർന്നഹൂം സൊദോമിനെക്കാൾ മോശമായിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

## IV. പുകഴ്ചലോടുകൂടെ പിതാവിന്റെ ഹിതത്തെ അംഗീകരിക്കുന്നു

### A. ശാഠ്യമുള്ള തലമുറയെ അവൻ നിന്ദിക്കുന്ന സമയത്ത് പിതാവിനോടു കൂടെയുള്ള തന്റെ കൂട്ടായ്മയിൽ പിതാവിന് ഉത്തരം നൽകുന്നു

**"ആ സമയത്ത്" എന്നീ വാക്കുകളോടുകൂടെ വാക്യം 25 ആരംഭിക്കുന്നു. പട്ടണങ്ങളെ കർത്താവ് ശകാരിക്കുകയായിരുന്ന**

സമയത്തെ ഇത് പരാമർശിക്കുന്നു. വാക്യം 25 പറയുന്നു, "ആ സമയത്ത് യേശു ഉത്തരം പറഞ്ഞു, പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, നീ ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു ശിശുക്കൾക്ക് അവയെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു." കർത്താവ് ആ പ്രധാന പട്ടണങ്ങളെ ശകാരിക്കുകയായിരുന്നപ്പോൾ, അവൻ ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു, "പിതാവേ, ഞാൻ നിന്നെ പുകഴ്ത്തുന്നു." "ഉത്തരം നൽകി" എന്ന വാക്കുകൾ വളരെ അർഥവത്താണ്. ആർക്കാണ് കർത്താവ് ഉത്തരം നൽകിയത്? അവൻ പിതാവിന് ഉത്തരം നൽകി. കർത്താവ് പട്ടണങ്ങളെ ശകാരിച്ചുകൊണ്ടിരുന്നപ്പോൾ അവൻ പിതാവുമായി കൂട്ടായ്മ ആചരിച്ചു. ആ സമയത്ത്, പിതാവിനോട് ഉത്തരം പറഞ്ഞുകൊണ്ട്, അവൻ പിതാവിനെ പുകഴ്ത്തി സംസാരിച്ചു.

കർത്താവ് പട്ടണങ്ങളെ ശകാരിക്കുകയായിരുന്നപ്പോൾ മൂന്നാമതൊരു കക്ഷി സന്നിഹിതനായിരുന്നു. കർത്താവ് ഒന്നാം കക്ഷിയും, പട്ടണങ്ങൾ രണ്ടാം കക്ഷിയും, അവനോടുകൂടെ ഉണ്ടായിരുന്ന പിതാവ് മൂന്നാം കക്ഷിയും ആയിരുന്നു. കർത്താവ് കോരസീനെയും, ബേത്ത്സയിദയെയും, കഫർന്നഹൂമിനെയും ശകാരിക്കുകയായിരുന്നപ്പോൾ, പിതാവ് അവനോടു ചോദിച്ചുകാണും, "ഇതിനെക്കുറിച്ച് നീ സന്തുഷ്ടനാണോ?" അപ്പോൾ കർത്താവ് പറഞ്ഞു, "പിതാവേ, ഞാൻ നിന്നെ സ്തുതിക്കുന്നു." പിതാവ് പുത്രനോട് പറഞ്ഞുകാണും, "അവ നിന്നെ തിരസ്കരിച്ചതുകൊണ്ട് നീ ഈ പട്ടണങ്ങളെ ശാസിക്കുന്നു. ഇത് നിനക്ക് നന്നായി തോന്നുന്നുവോ?" കർത്താവ് ഉടനെ ഉത്തരം പറഞ്ഞുകൊണ്ട് സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവിനെ പുകഴ്ത്തി.

ചിലപ്പോൾ, നിങ്ങളുടെ ഭാര്യയോട് നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മൂന്നാം കക്ഷി അവിടെ ഉണ്ടായിരിക്കും. നിങ്ങൾ ഒന്നാം കക്ഷിയും, നിങ്ങളുടെ ഭാര്യ രണ്ടാം കക്ഷിയും, കർത്താവ് മൂന്നാം കക്ഷിയുമാണ്. നിങ്ങൾ ഒരുപക്ഷേ നിങ്ങളുടെ ഭാര്യയോടു പറയുമായിരിക്കും, "ഇന്നലെ, നീ എന്നെ നന്നായി പരിചരിച്ചില്ല; നിന്റെ പെരുമാറ്റം മോശമായിരുന്നു." നിങ്ങൾ ഈ വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അടുത്തു നിൽക്കുന്ന മൂന്നാം കക്ഷി ചോദിക്കും, "ഇതിനെക്കുറിച്ചെങ്ങനെയാണ്? നീ ഇത് ഇഷ്ടപ്പെടുന്നുണ്ടോ? അതെ, നിന്റെ ഭാര്യ ഇന്നലെ അത്ര നല്ലവളായിരുന്നില്ല." അങ്ങനെയുള്ള ഒരു സമയത്ത്, "പിതാവേ, ഞാൻ നിന്നെ സ്തുതിക്കുന്നു" എന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? ഇങ്ങനെ ചെയ്യുന്നത് നമുക്ക് എളുപ്പമുള്ള ഒരു കാര്യമല്ല. എന്നാൽ, "സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്റെ

അധികാരത്തെ ഞാൻ തിരിച്ചറിയുന്നു. ഇത് നിന്നിൽ നിന്നല്ലായിരുന്നുവെങ്കിൽ ഈ പട്ടണങ്ങളൊന്നും എന്നെ തിരസ്കരിക്കുകയില്ലായിരുന്നു. അവരുടെ തിരസ്കരണംപോലും നിന്നിൽനിന്നുള്ളതാണ്. പിതാവേ, ഞാൻ നിന്നോട് പക്ഷംചേരുന്നു. ഈ സാഹചര്യം വളരെ നല്ലതാണ്. എനിക്കിത് നന്നായി തോന്നുന്നുവെന്ന് ഞാൻ നിന്നോടു പറയുന്നു; ഇതിനുവേണ്ടി എനിക്ക് നിന്നെ സ്തുതിക്കുവാൻ കഴിയും."

Mon B. പിതാവിന്റെ ഹിതത്തെ പുകഴ്ചലോടെ അംഗീകരിക്കുന്നു

വാക്യം 25-ലെ "പുകഴ്ത്തുക" എന്നതിനുള്ള യവനപദം അർഥമാക്കുന്നത് പുകഴ്ചലോടുകൂടെയുള്ള അംഗീകരണത്തെയാണ്. തന്റെ വ്യവസ്ഥ നടപ്പാക്കുന്ന പിതാവിന്റെ രീതിയെ കർത്താവ് പുകഴ്ചലോടുകൂടെ അംഗീകരിച്ചു. തന്റെ ശുശ്രൂഷയോട് പ്രതികരിക്കുന്നതിനുപകരം, ജനം അവനെ അപവദിക്കുകയും (വാ. 16-19) പ്രധാന പട്ടണങ്ങൾ അവനെ തിരസ്കരിക്കുകയും ചെയ്തുവെങ്കിലും (വാ. 20-24), അവൻ പിതാവിന്റെ ഹിതം അംഗീകരിച്ചുകൊണ്ട് പിതാവിനെ പുകഴ്ത്തി. അവൻ തന്റെ വേലയിൽ അഭിവൃദ്ധി അന്വേഷിക്കാതെ പിതാവിന്റെ ഹിതം അന്വേഷിച്ചു. അവൻ സംതൃപ്തനും സ്വസ്ഥനുമായിരുന്നത് മനുഷ്യന്റെ ഗ്രാഹ്യത്തിലും സ്വാഗതത്താലുമല്ല, പിന്നെയോ പിതാവ് അറിയുന്നതിലായിരുന്നു (വാ. 26-27). പട്ടണങ്ങളാലുള്ള അവന്റെ തിരസ്കരണം പിതാവിൽ നിന്നുമായിരുന്നുവെന്ന് ക്രിസ്തു വിശ്വസിച്ചു. നമ്മുടെ ഇന്നത്തെ സാഹചര്യത്തെക്കുറിച്ച് എന്താണ്? നമ്മെ തിരസ്കരിക്കുകയും, എതിർക്കുകയും, വിമർശിക്കുകയും, ആക്രമിക്കുകയും, കുറ്റംവിധിക്കുകയും ചെയ്യുമ്പോൾ നമുക്ക് പിതാവിനെ സ്തുതിക്കുവാൻ കഴിയുമോ? "പിതാവേ, എന്റെ മാതാപിതാക്കളും സ്നേഹിതരും എന്നെ തിരസ്കരിക്കുകയും എതിർക്കുകയും ചെയ്തതുകൊണ്ട് ഞാൻ നിന്നെ സ്തുതിക്കുന്നു" എന്ന് നിങ്ങൾ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? അങ്ങനെയുള്ള തിരസ്കരണം സർവാധികാരപരമായി കർത്താവിൽ നിന്നാണെന്ന് നാം തിരിച്ചറിയുകയും അതിനുവേണ്ടി നാം അവനെ സ്തുതിക്കുകയും വേണം.

പുകഴ്ത്തിക്കൊണ്ടുള്ള കർത്താവിന്റെ അഭിസംബോധനയിൽ പിതാവെന്നത് പുത്രനായ തന്നോടുള്ള പിതാവിന്റെ ബന്ധത്തെ സൂചിപ്പിക്കുന്നു; എന്നാൽ സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവെന്നത് പ്രപഞ്ചത്തോടുള്ള ദൈവത്തിന്റെ ബന്ധത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ജനത്തെ തന്റെ ശത്രു പരാജയപ്പെടുത്തിയപ്പോൾ, അവൻ സ്വർഗത്തിന്റെ ദൈവം എന്നു വിളിക്കപ്പെട്ടിരുന്നു (എസ്രാ 5:12; ദാനീ. 2:18, 37). എന്നാൽ ഭൂമിയിൽ ദൈവത്തിനുവേണ്ടി ഒരു മനുഷ്യൻ നിൽക്കുമ്പോൾ, അവൻ സ്വർഗത്തിനും ഭൂമിക്കും നാഥൻ എന്നു വിളിക്കപ്പെട്ടിരുന്നു (ഉല്പ.

14:19, 22). ഇപ്പോൾ, താൻ ദൈവത്തിന്റെ താല്പര്യത്തിനായി ഭൂമിയിൽ നിൽക്കുകയായിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് കർത്താവ് മനുഷ്യപുത്രനെന്ന നിലയിൽ പിതാവിനെ "സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവ്" എന്നു വിളിച്ചു.

### *1. ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും പുത്രനെയും പിതാവിനെയും കുറിച്ചുള്ള പരിജ്ഞാനത്തെ പിതാവ് മറച്ചുവയ്ക്കുന്നു*

പിതാവ് "ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു" എന്നും വാക്യം 25 പറയുന്നു. "ഈ കാര്യങ്ങളെ" എന്നത് പുത്രനെയും പിതാവിനെയും കുറിച്ചുള്ള പരിജ്ഞാനത്തെ സംബന്ധിച്ച കാര്യങ്ങളെ പരാമർശിക്കുന്നു (വാ. 27). "ജ്ഞാനികളും ബുദ്ധിമാന്മാരും" 20 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ കുറ്റംവിധിക്കപ്പെട്ട മൂന്നു പട്ടണങ്ങളിലെ ജനത്തെ, തങ്ങളുടെ സ്വന്തം ദൃഷ്ടിയിൽ ജ്ഞാനികളും ബുദ്ധിമാന്മാരുമായിരുന്ന ജനത്തെ, പരാമർശിക്കുന്നു. പുത്രനെയും പിതാവിനെയും കുറിച്ചുള്ള പരിജ്ഞാനത്തെ ഇങ്ങനെയുള്ള ജനത്തിൽനിന്നും മറച്ചുവയ്ക്കുക എന്നതായിരുന്നു പിതാവിന്റെ ഹിതം.

### *2. ഈ കാര്യങ്ങൾ പിതാവ് ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നു*

ഈ കാര്യങ്ങൾ ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് കർത്താവ് പിതാവിനെ പുകഴ്ത്തി. "ശിശുക്കൾ" ജ്ഞാനത്തിന്റെ മക്കളായിരുന്ന ശിഷ്യന്മാരെ സൂചിപ്പിക്കുന്നു. അവർക്ക് പുത്രനെയും പിതാവിനെയും വെളിപ്പെടുത്തിക്കൊടുക്കുവാൻ പിതാവ് പ്രസാദിച്ചിരുന്നു. പുത്രനെയും പിതാവിനെയും അറിയുന്നത് സമ്പൂർണമായും പിതാവിന്റെ സർവാധികാരത്തിന്റെ വിഷയമാണ്. 16:17-ൽ, യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായിരുന്നെന്ന വെളിപാട് പത്രൊസിനു ലഭിച്ചശേഷം യേശു അവനോടു പറഞ്ഞു, "ശിമോൻ ബർയോനായേ, നീ അനുഗൃഹീതനാകുന്നു; കാരണം ജഡരക്തമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയത്, സ്വർഗസ്ഥനായ എന്റെ പിതാവത്രേ." അങ്ങനെ, പുത്രനെ അറിയുന്നത് പിതാവിന്റെ വെളിപ്പെടുത്തലിന്റെ കാര്യമാണ്,

### *3. പിതാവിന്റെ ദൃഷ്ടിയിൽ സുപ്രസാദമായിരിക്കുന്നു*

വാക്യം 26 പറയുന്നു, "അതേ പിതാവേ, ഇപ്രകാരം അത് നിന്റെ ദൃഷ്ടിയിൽ സുപ്രസാദമായിരിക്കുന്നു." പുത്രൻ തിരസ്കരിക്കപ്പെട്ടു എന്നത് പിതാവിന്റെ ദൃഷ്ടിയിൽ സുപ്രസാദമായിരുന്നു. പുത്രന്റെ തിരസ്കരണം കാണുന്നത് പിതാവിന് സന്തോഷമായിരുന്നു. ഇത്

വിശ്വസിക്കുവാൻ നമുക്ക് വളരെ പ്രയാസമാണ്. നിങ്ങളുടെ മാതാപിതാക്കളും ബന്ധുക്കളും കർത്താവിന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ച് നിങ്ങളോട് ഒന്നായിരിക്കുന്നുവെങ്കിൽ, നിങ്ങൾ ആവേശഭരിതനാകുകയും കർത്താവിനെ സ്തുതിക്കുകയും ചെയ്യും. എന്നാൽ നിങ്ങൾ തിരസ്കരണം അനുഭവിക്കുമ്പോഴും, "പിതാവേ, നീ സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായതുകൊണ്ട് ഞാൻ നിന്നെ സ്തുതിക്കുന്നു. സകലവും നിന്നിൽനിന്നാകുന്നു, ഈ സാഹചര്യത്തിനായി ഞാൻ നിന്നെ സ്തുതിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് നാം കർത്താവിനെ സ്തുതിക്കണം.

## *4. എല്ലാ ശേഷിപ്പും പിതാവിനാൽ പുത്രന് ഏല്പിക്കപ്പെടുന്നു*

വാക്യം 27 പറയുന്നു, "എന്റെ പിതാവിനാൽ സകലവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു." "സകലവും" എന്നത് പിതാവ് പുത്രന് നൽകിയവരായ ശേഷിപ്പിനെ സൂചിപ്പിക്കുന്നു (യോഹ. 3:27; 6:37, 44, 65; 18:9). ജ്ഞാനികളും ബുദ്ധിമാന്മാരും പുത്രനെ തിരസ്കരിക്കരിച്ചത് അവരെ പുത്രന് നൽകുവാൻ പിതാവ് പ്രസാദിക്കാതിരുന്നതുകൊണ്ടാണെന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. എങ്കിലും, എല്ലാ ശേഷിപ്പും പിതാവിനാൽ പുത്രന് ഏല്പിക്കപ്പെട്ടിരിക്കുന്നു. പത്രൊസും, യോഹന്നാനും, യാക്കോബും, അന്ത്രെയാസും പിതാവിനാൽ പുത്രനു നൽകപ്പെട്ടവരിൽ ചിലരായിരുന്നു. കർത്താവായ യേശു പറഞ്ഞു, "പിതാവ് എനിക്കു നൽകുന്നതെല്ലാം എന്റെ അടുക്കൽ വരും, എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുവിധത്തിലും തള്ളിക്കളയുകയില്ല" (യോഹ. 6:37). തികച്ചും പിതാവിന്റെ സർവാധികാരമുള്ള കരുണയാലാണ് ഇന്നു നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിലായിരിക്കുന്നത്. നാം ഇതിനുവേണ്ടി പിതാവിനെ ആരാധിക്കണം. ലോകത്തിലുള്ള നിരവധി ക്രിസ്ത്യാനികളുടെ ഇടയിൽ നാം ആണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ളത്. കർത്താവിന്റെ പ്രത്യുദ്ധാരം ഈ രാജ്യത്തിൽ ഉണ്ടായിരുന്ന വർഷങ്ങളിൽ അവൻ ഒരു വിളവ് കൊയ്യുകയാണെന്ന അനുഭൂതി ഉള്ളിൽ ആഴമായി എനിക്കുണ്ട്. ക്രിസ്ത്യാനികളുടെ ഇടയിൽ അവൻ ഒരു ശേഷിപ്പിനെ ശേഖരിച്ചുകൊണ്ടിരിക്കുന്നു. ലോസ് ആഞ്ചലസിലുള്ള എൽഡൻ ഹാളിൽ നാം ആയിരുന്ന വർഷങ്ങളിൽ കർത്താവ് തന്റെ ശേഷിപ്പിനെ ശേഖരിക്കുകയായിരുന്നു. മാസംതോറും വിവിധ പട്ടണങ്ങളിലും, സംസ്ഥാനങ്ങളിലും, രാജ്യങ്ങളിലുംനിന്ന് കർത്താവു തന്റെ ശേഷിപ്പിനെ കൊണ്ടുവന്നു. അത് വാസ്തവമായി ശേഷിപ്പിന്റെ ഒരു ശേഖരണമായിരുന്നു. ഞങ്ങൾ പിതാവിനാൽ വിടുവിക്കപ്പെട്ടവരായിരുന്നുവെന്ന് കൂട്ടിച്ചേർക്കപ്പെട്ട എല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കർത്താവിന്റെ പ്രത്യുദ്ധാരം ഒരു പൊതുവായ ക്രിസ്തീയ വേലയല്ല; അത് സഭാജീവിതത്തിൽ ദൈവത്തിന്റെ രാജ്യത്തെ പ്രത്യുദ്ധരിക്കുന്നതിന് കർത്താവിന്റെ ശേഷിപ്പിനെ

ശേഖരിക്കുന്നതാണ്. കർത്താവ് ഇപ്പോഴും തന്റെ ശേഷിപ്പിനെ ശേഖരിക്കുന്ന വേല ചെയ്തുകൊണ്ടിരിക്കുന്നു.

### *5. പിതാവൊഴികെ ആരും പുത്രനെ അറിയുന്നില്ല, പുത്രനും പുത്രന്റെ വെളിപാട് ലഭിക്കുന്നവനുമൊഴികെ ആരും പിതാവിനെ അറിയുന്നില്ല*

വാക്യം 27-ൽ കർത്താവു പറയുന്നു, "എന്റെ പിതാവിനാൽ സകലവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു; പിതാവൊഴികെ ആരും പുത്രനെ പൂർണമായി അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നവനുമൊഴികെ ആരും പിതാവിനെയും പൂർണമായി അറിയുന്നില്ല." ഈ വാക്യത്തിലെ "അറിയുക" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അർഥമാക്കുന്നത് പൂർണ പരിജ്ഞാനത്തെയാണ്, കേവലം വസ്തുനിഷ്ഠമായ പരിചയത്തെയല്ല. പുത്രനെ സംബന്ധിച്ച്, പിതാവിനു മാത്രമേ ഇങ്ങനെയുള്ള പരിജ്ഞാനമുള്ളൂ; പിതാവിനെ സംബന്ധിച്ച്, പുത്രനു മാത്രമേ ഇങ്ങനെയുള്ള പരിജ്ഞാനമുള്ളൂ. തന്മൂലം, പുത്രനെ അറിയുന്നതിന് പിതാവിന്റെ വെളിപാടും (16:17), പിതാവിനെ അറിയുന്നതിന് പുത്രന്റെ വെളിപാടും ആവശ്യമുണ്ട് (യോഹ. 17:6, 26). "ഇച്ഛിക്കുന്നവൻ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അർഥമാക്കുന്നത് ആലോചന മുഖാന്തരം ഇച്ഛയെ മനഃപൂർവ്വം പ്രയോഗിക്കുക എന്നാണ്. വാക്യം 25-ൽ പറഞ്ഞിരിക്കുന്ന "ഈ കാര്യങ്ങൾ" മനസിലാക്കുവാൻ സ്വാഭാവിക മനുഷ്യന് പ്രയാസമാണ്. കർത്താവിന്റെ പ്രത്യുദ്ധാരം പൂർണമായും ശത്രുവിന്റെ അന്ധകാര രാജ്യത്തിന് എതിരാണ്. പിതാവിന്റെയും പുത്രന്റെയും കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെയും കാര്യങ്ങൾ ജനം അറിയുവാൻ ദുഷ്ടൻ ഇച്ഛിക്കുന്നില്ല എന്നതിന് സംശയമില്ല. അങ്ങനെ, പിതാവിന്റെ സർവാധികാരമുള്ള കരുണയുടെ ആവശ്യമുണ്ട്. നാം ചില കാര്യങ്ങൾ കാണുകയും അവയിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്തിരിക്കുന്നു എന്നത് കർത്താവിന്റെ സർവാധികാരമാണ്. മറ്റുള്ളവർ അവയെ കുറ്റം വിധിക്കുന്നുവെങ്കിലും, നാം അത് കണ്ടിരിക്കുന്നതുകൊണ്ട് അവയെച്ചൊല്ലി സന്തോഷിക്കുന്നു. നമ്മടെ കാഴ്ച നമ്മുടെ ബുദ്ധി നിമിത്തമല്ല; അത് പിതാവിന്റെ കരുണ നിമിത്തമാണ്. ഈ കാര്യങ്ങളെല്ലാം പിതാവ് നമുക്ക് കാണിച്ചുതന്നിരിക്കുന്നു.

## V. ഭാരംചുമക്കുന്നവരെ വിശ്രമത്തിലേക്കും വിശ്രമത്തിന്റെ മാർഗത്തിലേക്കും വിളിക്കുന്നു

### A. വിളി

വാക്യം 28-ൽ കർത്താവ് ഒരു വിളി മുഴക്കി: "അധ്വാനിക്കുന്നവരും

ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് വിശ്രമം നൽകും." കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "അധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവരായ നിങ്ങൾ എന്റെ അടുക്കൽ വന്ന് വിശ്രമിക്കുവിൻ. അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാ മതഭക്തരായ ആളുകളും എല്ലാ ലൗകികരായ ആളുകളും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് വിശ്രമം തരും." എത്ര കൃപാപൂർവമായ വാക്ക്! വാക്യം 28-ൽ പറഞ്ഞിരിക്കുന്ന അധ്വാനം ന്യായപ്രമാണത്തിന്റെ കല്പനകളും മതപരമായ ചട്ടങ്ങളും പാലിക്കുവാനായി പരിശ്രമിക്കുന്നതിന്റെ അധ്വാനത്തെ മാത്രമല്ല, പിന്നെയോ ഏതൊരു വേലയിലും വിജയിക്കുവാൻ തീവ്രയത്നം നടത്തുന്നതിന്റെ അധ്വാനത്തെയും ഇത് സൂചിപ്പിക്കുന്നു. ഇങ്ങനെ അധ്വാനിക്കുന്നവൻ എപ്പോഴും ഭീമമായി ഭാരം ചുമക്കുന്നവനാണ്. കർത്താവ് പിതാവിനെ പുകഴ്ത്തുകയും, പിതാവിന്റെ മാർഗത്തെ അംഗീകരിക്കുകയും, ദിവ്യവ്യവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം, വിശ്രമത്തിനുവേണ്ടി അവന്റെ അടുക്കൽ വരുവാൻ അവൻ ഇത്തരത്തിലുള്ള ആളുകളെ വിളിച്ചു. വിശ്രമം എന്നത് ന്യായപ്രമാണത്തിന്റെയും മതത്തിന്റെയും കീഴിലോ ഏതെങ്കിലും വേലയുടെയും ഉത്തരവാദിത്വത്തിന്റെയും കീഴിലോ ഉള്ള അധ്വാനത്തിലും ഭാരത്തിലുംനിന്ന് സ്വതന്ത്രരാക്കപ്പെടുന്നതിനെ മാത്രമല്ല, തികഞ്ഞ സമാധാനത്തെയും പൂർണ്ണ സംതൃപ്തിയെയുംകൂടെ സൂചിപ്പിക്കുന്നു.

## B. മാർഗം

### *1. സ്വർഗീയ രാജാവിന്റെ നുകം എടുക്കുന്നത്*

29-ഉം 30-ഉം വാക്യങ്ങളിൽ നമുക്ക് വിശ്രമത്തിനുള്ള മാർഗമുണ്ട്: "ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു." കർത്താവിന്റെ നുകം പിതാവിന്റെ ഹിതം എടുക്കുന്നതാണ്. അത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ ഏതെങ്കിലും ബാധ്യതയാൽ ക്രമപ്പെടുത്തപ്പെടുന്നതോ നിയന്ത്രിക്കപ്പെടുന്നതോ, ഏതെങ്കിലും വേലയാൽ അടിമയാക്കപ്പെടുന്നതോ അല്ല, മറിച്ച് പിതാവിന്റെ ഹിതത്താൽ നിർബന്ധിപ്പെടുന്നതാണ്. മറ്റൊന്നിനുംവേണ്ടി കരുതാതെ പിതാവിന്റെ ഹിതത്തിനുവേണ്ടി മാത്രം കരുതിക്കൊണ്ട് കർത്താവ് ഇങ്ങനെയുള്ള ഒരു ജീവിതം നയിച്ചു (യോഹ. 4:34; 5:30; 6:38). അവൻ അവനെത്തന്നെ പൂർണമായി പിതാവിന്റെ ഹിതത്തിന് കീഴ്പ്പെടുത്തി (26:39, 42).

അതുനിമിത്തം, അവനിൽനിന്നു പഠിക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു. ദൈവത്തിന്റെ ഹിതമാണ് നമ്മുടെ നുകം. അങ്ങനെ, നമുക്കു തോന്നുന്നതുപോലെ ചെയ്യുവാൻ നാം സ്വതന്ത്രരല്ല; മറിച്ച്, നാം നുകം വയ്ക്കപ്പെട്ടവരാണ്. യുവാക്കളേ, നിങ്ങൾ വളരെ സ്വതന്ത്രരും വിമോചിതരുമാണെന്ന് ചിന്തിക്കരുത്. കർത്താവിന്റെ പ്രത്യദ്ധാരത്തിൽ നാം എല്ലാവരും നുകം വയ്ക്കപ്പെട്ടവരാണ്. നുകം വയ്ക്കപ്പെട്ടിരിക്കുന്നത് എത്ര നല്ലതാണ്! കർത്താവിന്റെ നുകം എളുപ്പവും അവന്റെ ഭാരം ലഘുവും ആണ്. കർത്താവിന്റെ നുകം പിതാവിന്റെ ഹിതവും, അവന്റെ ഭാരം പിതാവിന്റെ ഹിതം നിർവഹിക്കാനുള്ള വേലയും ആണ്. ഇങ്ങനെയുള്ള നുകം കയ്പുള്ളതല്ല, എളുപ്പവും, ഇങ്ങനെയുള്ള ഭാരം ഭാരമുള്ളതല്ല, ലഘുവും ആണ്. "എളുപ്പം" എന്നതിനുള്ള യവനപദം ഉപയോഗിക്കത്തക്കത് എന്നാണ്; അതിനാൽ, കഠിനവും, പരുഷവും, രൂക്ഷവും, കയ്പുള്ളതും എന്നതിനു വിരുദ്ധമായി നല്ലതും, ദയയുള്ളതും, മൃദുവും, സൗമ്യവും, എളുപ്പവും, ഹൃദ്യവുമായത്.

## 2. *അവനിൽനിന്നും പഠിക്കുന്നത്*

അവനിൽനിന്നു പഠിക്കുവാൻ വാക്യം 29-ൽ കർത്താവ് നമ്മോടു പറയുന്നു. അവൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനുമാണ്. സൗമ്യനായിരിക്കുകയെന്നാൽ ഏതൊരു എതിർപ്പിനെയും ചെറുക്കാതിരിക്കുകയെന്നും താഴ്മയുള്ളവനായിരിക്കുകയെന്നാൽ സ്വയം ഉന്നതനായി ഭാവിക്കാതിരിക്കുകയെന്നുമാണ് അർഥം. എല്ലാ എതിർപ്പിലും കർത്താവ് സൗമ്യനായിരിക്കുകയും, എല്ലാ തിരസ്കരണത്തിലും അവൻ ഹൃദയത്തിൽ താഴ്മ ഉള്ളവനായിരിക്കുകയും ചെയ്തു. തനിക്കായി യാതൊന്നും ആഗ്രഹിക്കാതെയും തനിക്കായി എന്തെങ്കിലും നേടുവാൻ പ്രതീക്ഷിക്കാതെയും അവൻ തന്റെ പിതാവിന്റെ ഹിതത്തിന് അവനെത്തന്നെ കീഴ്പെടുത്തി. തന്മൂലം, സാഹചര്യം എന്തുതന്നെയായാലും, അവന് തന്റെ ഹൃദയത്തിൽ വിശ്രമം ഉണ്ടായിരുന്നു. അവൻ തന്റെ പിതാവിന്റെ ഹിതത്താൽ പൂർണ്ണമായി തൃപ്തനായിരുന്നു.

അവന്റെ നുകത്തെ നമ്മുടെമേൽ നാം എടുക്കുകയും അവനിൽനിന്നു പഠിക്കുകയും ചെയ്യുന്നുവെങ്കിൽ നമ്മുടെ ദേഹികൾക്ക് വിശ്രമം കണ്ടെത്തുമെന്ന് കർത്താവു പറഞ്ഞു. കർത്താവിന്റെ നുകം എടുക്കുകയും അവനിൽനിന്നു പഠിക്കുകയും ചെയ്യുന്നതിലൂടെ നാം കണ്ടെത്തുന്ന വിശ്രമം നമ്മുടെ ദേഹികൾക്കു വേണ്ടിയാണ്. അത് ആന്തരികമായ ഒരു വിശ്രമമാണ്; അത് കേവലം സ്വഭാവത്തിൽ ബാഹ്യമായ ഒന്നല്ല.

നാം ശുശ്രൂഷ ചെയ്യുമ്പോൾ നമ്മെ എതിർക്കുകയും, നാം ചെറുക്കുകയും ചെയ്യുന്നുവെങ്കിൽ നമുക്ക് സമാധാനം ഉണ്ടായിരിക്കുകയില്ല. എന്നാൽ ചെറുക്കുന്നതിനു പകരം, എതിർപ്പ്

ദൈവത്തിൽനിന്നുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് പിതാവിന്റെ ഹിതത്തിന് നമ്മെ കീഴ്പെടുത്തുന്നുവെങ്കിൽ, നമ്മുടെ ദേഹികൾക്ക് വിശ്രമം ഉണ്ടായിരിക്കും. യോഹന്നാൻ സ്നാപകൻ തന്റെ കാരാഗൃഹവാസത്തെ പിതാവിൽനിന്നുള്ളതായി കരുതിയില്ല: അതുകൊണ്ട്, അവന് വിശ്രമമില്ലായിരുന്നു. അവന്റെ കാരാഗൃഹവാസം പിതാവിന്റെ ഹിതം നിമിത്തമായിരുന്നുവെന്ന് അവൻ മനസിലാക്കിയിരുന്നുവെങ്കിൽ കാരാഗൃഹത്തിൽപോലും അവന് വിശ്രമം ഉണ്ടാകുമായിരുന്നു. യാതൊന്നിനെയും ചെറുത്തുകൊണ്ടല്ല, ദൈവത്തിന്റെ ഹിതം തന്റെ ഓഹരിയായി എടുത്തുകൊണ്ട് സ്വർഗീയ രാജാവായ ക്രിസ്തു, എല്ലായ്പ്പോഴും പിതാവിന്റെ ഹിതത്തിന് കീഴ്പെട്ടു. അതു നിമിത്തം, അവന് എപ്പോഴും വിശ്രമമുണ്ടായിരുന്നു. നാം അവനിൽനിന്നു പഠിക്കുകയും ഈ കാഴ്ചപ്പാട് എടുക്കുകയും വേണം. നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, നമ്മുടെ ദേഹികളിൽ നമുക്ക് വിശ്രമം ഉണ്ടായിരിക്കും.